# "കമോഡിറ്റി ഫ്യൂച്ചേഴ്സിൽ ഡബ്ബാ ട്രേഡിംഗ് ഞാൻ ഒഴിവാക്കുന്നു."

JAGO GRAHAK JAGO



**ഡബ്ബാ ട്രേഡിംഗ് (എക്സ്ചേഞ്ച് വഴിയല്ലാത്ത) അപകടസാധ്യതയുള്ളതും നിയമവിരുദ്ധവുമാണ്.**

- എഫ്.എം.സി. നിയന്ത്രിതമായ എക്സേഞ്ചുകളുടെ പുറത്തുള്ള കമോഡിറ്റി ഫ്യൂച്ചേഴ്സിലെ ഡബ്ബാ ട്രേഡിംഗ്, ഫോർവേഡ് കോൺട്രാക്ട്സ് റെഗുലേഷൻ ആക്ട് (എഫ്സിആർഎ) 1952 പ്രകാരം നിയമ വിരുദ്ധമാണ്.
- തങ്ങളുടെ എക്സ്ചേഞ്ചുകൾ വഴി ട്രേഡിംഗ് നടത്തുമ്പോൾ കമോഡിറ്റി ഫ്യൂച്ചേഴ്സ് എക്സ്ചേഞ്ചുകൾ ഉറപ്പുനൽകുന്ന മിനിമം സംരക്ഷണം എതിർ പാർട്ടിക്ക് നൽകാൻ, അപകടസാധ്യതയുള്ള ഡബ്ബാ ട്രേഡിംഗിലൂടെ സാധിക്കുകയില്ല.

**എന്റെ എല്ലാ കമോഡിറ്റി ഫ്യൂച്ചേഴ്സ് വ്യാപാരങ്ങളിലും രേഖകളുടെ പരിശോധന എനിക്ക് നിർബന്ധമാണ്.**

- ട്രേഡിംഗിനെ സംബന്ധിക്കുന്ന എല്ലാ രേഖകളും (കരാർ ഉടമ്പടികളും മറ്റും) സൂക്ഷിക്കുക എന്നത് എനിക്ക് നിർബന്ധമാണ്.
- കൂടാതെ, വ്യാപാരദിനം മുതൽ 5 പ്രവർത്തി ദിവസങ്ങളിൽ എക്സേഞ്ചിന്റെ വിപുലമായ വെബ്സൈറ്റിൽ നിന്നും, ഈ രേഖകളുടെ വിശ്വാസ്യതയും നിയമസാധുതയും മറ്റും ഞാൻ പരിശോധിക്കുന്നു.

**ഡബ്ബാ ട്രേഡിംഗിലുള്ള ഒരു തർക്കം പരിഹരിക്കാൻ കമോഡിറ്റി എക്സേഞ്ചിന് ഒരിക്കലും സാധിക്കുകയില്ല.**

- ഡബ്ബാ ട്രേഡിംഗിലുള്ള തർക്കങ്ങളും പരാതികളും പോലീസിൽ മാത്രം പരാതിപ്പെടുകയേ നിർവ്വാഹമുള്ളൂ.
- എന്നിരുന്നാലും കമോഡിറ്റി ഫ്യൂച്ചേഴ്സ് എക്സ്ചേഞ്ച് മുഖേനയുള്ള വ്യാപാരങ്ങളിൽ ഉടലെടുക്കുന്ന തർക്കങ്ങളും പരാതികളും എക്സേഞ്ചിന്റെ നിയമങ്ങൾക്കനുസൃതമായി മദ്ധ്യസ്ഥതയിലൂടെ പരിഹരിക്കാൻ സാധിക്കും.

## സുരക്ഷിതമായി ട്രേഡ് ചെയ്യൂ; സമാധാനപരമായി ട്രേഡ് ചെയ്യൂ.
## കമോഡിറ്റി എക്സേഞ്ചുകൾ മുഖേന മാത്രം ട്രേഡ് ചെയ്യൂ


പൊതുജന താൽപര്യപ്രകാരം പ്രസിദ്ധപ്പെടുത്തുന്നത് :

Forward Markets Commission

സത്യമേവ ജയതേ

**ഉപഭോക്തൃകാര്യ മന്ത്രാലയം, ഭക്ഷ്യ പൊതുവിതരണം**
**ഉപഭോക്തൃകാര്യ വിഭാഗം, ഭാരത സർക്കാർ,**
**കൃഷി ഭവൻ, ന്യൂഡൽഹി – 110 001.**
**വെബ്സൈറ്റ് : www.fcamin.nic.in**

**നിയമാനുസൃതമല്ലാത്ത ഏതെങ്കിലും ഫ്യൂച്ചേഴ്സ് മാർക്കറ്റ് പ്രവർത്തനങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടാൽ, ദയവായി അറിയിക്കൂ:**
ഫോർവേഡ് മാർക്കറ്റ് കമ്മീഷൻ, എവറസ്റ്റ്, മൂന്നാംനില, 100, മറൈൻഡ്രൈവ്, മുംബൈ 400 002,
ഫോൺ : 022-227 953 00, ഫാക്സ് : 022-2281 2086, ഇ-മെയിൽ : contact.fmc@nic.in

# കമോഡിറ്റി മാർക്കറ്റ് നിക്ഷേപത്തിൽ ഉറപ്പുള്ള ലാഭമില്ല

JAGO GRAHAK JAGO



**നിക്ഷേപത്തിൽ നഷ്ടസാധ്യത അവിഭാജ്യമായ ഒരു ഘടകമാണ്.** കമോഡിറ്റി മാർക്കറ്റിൽ നിന്നുള്ള ലാഭത്തിന് യാതൊരു ഉറപ്പുമില്ല.

**പരസ്യവാചകങ്ങളെയും പ്രലോഭനങ്ങളെയും പൊള്ളയായ വാഗ്ദാനങ്ങളെയും സൂക്ഷിക്കുക.** കമോഡിറ്റി ഫ്യൂച്ചേഴ്സ് മാർക്കറ്റിൽ നിന്നുള്ള ഉറപ്പുള്ളതും ഉയർന്നതുമായ ലാഭത്തെപറ്റിയുള്ള പൊള്ളയായ വാഗ്ദാനങ്ങളിൽ വീഴാതിരിക്കുക.

**ഉൽപ്പന്നങ്ങളെപ്പറ്റിയുള്ള അറിവ്.** നിങ്ങൾ മുതൽ മുടക്കിയിട്ടുള്ള ഉൽപ്പന്നങ്ങളുടെ മാർക്കറ്റിനെപ്പറ്റിയുള്ള അറിവ്, ബുദ്ധിപരമായ തീരുമാനങ്ങൾ എടുക്കാൻ അത്യന്താപേക്ഷിതമാണ്.

**വിലകളെപ്പറ്റിയുള്ള കിംവദന്തികളും ഊഹാപോഹങ്ങളും വിശ്വസിക്കാതിരിക്കുക.** വിജയകരമായ ട്രേഡിംഗിന് സ്വയം പരിശീലിക്കുക.


പൊതുജന താൽപര്യപ്രകാരം പ്രസിദ്ധപ്പെടുത്തുന്നത് :

Forward Markets Commission

सत्यमेव जयते

**ഉപഭോക്തൃകാര്യ മന്ത്രാലയം, ഭക്ഷ്യ പൊതുവിതരണം**
**ഉപഭോക്തൃകാര്യ വിഭാഗം, ഭാരത സർക്കാർ,**
**കൃഷി ഭവൻ, ന്യൂഡൽഹി – 110 001.**
**വെബ്സൈറ്റ് : www.fcamin.nic.in**

**നിയമാനുസൃതമല്ലാത്ത ഏതെങ്കിലും ഫ്യൂച്ചേഴ്സ് മാർക്കറ്റ് പ്രവർത്തനങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടാൽ, ദയവായി അറിയിക്കൂ:**
ഫോർവേഡ് മാർക്കറ്റ് കമ്മീഷൻ, എവറസ്റ്റ്, മൂന്നാംനില, 100, മറൈൻഡ്രൈവ്, മുംബൈ 400 002,
ഫോൺ : 022–227 953 00, ഫാക്സ് : 022–2281 2086, ഇ–മെയിൽ : contact.fmc@nic.in

JAGO GRAHAK JAGO

# “ഞാൻ അംഗീകൃത കമോഡിറ്റി ഫ്യൂച്ചേഴ്സ് എക്സ്ചേഞ്ച് മുഖേന മാത്രമേ ട്രേഡ് ചെയ്യൂ.”



- **എന്റെ നിക്ഷേപങ്ങളെ എങ്ങനെ സംരക്ഷിക്കണമെന്ന് എനിക്കറിയാം.**

➡ ഞാൻ നിയമവിധേയമായി പ്രവർത്തിക്കുന്ന കമോഡിറ്റി എക്സ്ചേഞ്ചിൽ മാത്രമേ ട്രേഡ് ചെയ്യൂ. നിയമാനുസൃത എക്സേഞ്ചുകൾക്കു പുറത്തുള്ള ട്രേഡിംഗ് (ഡബ്ബാ ട്രേഡിംഗ്) നിയമവിരുദ്ധവും നിക്ഷേപത്തിൽ നഷ്ടം വരുവാനുള്ള സാധ്യത ഏറിയതുമാണ്. (മാർജിൻ സംഖ്യ)

- **അംഗീകൃത കമോഡിറ്റി എക്സ്ചേഞ്ചുകൾ മുഖേനയുള്ള ട്രേഡിംഗ് സുതാര്യവും ഏവർക്കും തുല്യ പരിഗണന നൽകുന്നതുമാണ്.**

➡ നിയമവിധേയമായതുകൊണ്ട്, കമോഡിറ്റി ഫ്യൂച്ചേഴ്സ് എക്സ്ചേഞ്ചുകൾ പൊതു പ്രവേശന മാനദണ്ഡമനുസരിച്ച് ഏവർക്കും തുല്യ പരിഗണന നൽകുന്നു.

- **അംഗീകൃത കമോഡിറ്റി എക്സ്ചേഞ്ചുകൾ മുഖേനയുള്ള ട്രേഡിംഗിലൂടെ എന്റെ പണത്തിന് സംരക്ഷണവും കളങ്കരഹിത ട്രേഡിംഗും ലഭിക്കുന്നതിലൂടെ എനിക്ക് മനസ്സമാധാനം ലഭിക്കുന്നു.**

➡ അംഗീകൃത കമോഡിറ്റി എക്സ്ചേഞ്ചുകൾ നേട്ടം, മൂല്യം, വില, പണത്തിന്റെ ഒത്തുതീർപ്പ് മുതലായവ കരാർ വ്യവസ്ഥകൾക്കനുസരിച്ച് ഉറപ്പുനൽകുന്നു.

- **ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങൾ ഉടലെടുക്കുകയാണെങ്കിൽ, കമോഡിറ്റി ഫ്യൂച്ചേഴ്സ് എക്സ്ചേഞ്ചുകൾ എന്റെ താൽപര്യങ്ങൾക്ക് സംരക്ഷണം നൽകുന്നു.**

➡ കമോഡിറ്റി ഫ്യൂച്ചേഴ്സ് എക്സ്ചേഞ്ചുകൾ, അതാത് ട്രേഡിംഗിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളുമടങ്ങിയ ഒരു വ്യവസ്ഥാരേഖ കൃത്യമായി നൽകുന്നതിലൂടെ ഏതെങ്കിലും വിധത്തിലുള്ള തർക്കങ്ങളും പരാതികളും അന്വേഷിച്ച് പരിഹരിക്കാൻ എന്നെ സഹായിക്കുന്നു. അംഗീകൃത എക്സ്ചേഞ്ചുകൾക്കു പുറത്തുള്ള ട്രേഡിംഗ് നിയമവിരുദ്ധവും നിക്ഷേപകന് യാതൊരുവിധ നിയമരക്ഷയോ പരാതികൾക്ക് പരിഹാരമോ തരാത്തതാണ്.

## സുരക്ഷിതമായി ട്രേഡ് ചെയ്യൂ; സമാധാനപരമായി ട്രേഡ് ചെയ്യൂ. കമോഡിറ്റി എക്സേഞ്ചുകൾ മുഖേന മാത്രം ട്രേഡ് ചെയ്യൂ


പൊതുജന താൽപര്യപ്രകാരം പ്രസിദ്ധപ്പെടുത്തുന്നത് :

Forward Markets Commission

സത്യമേവ ജയതേ

**ഉപഭോക്തൃകാര്യ മന്ത്രാലയം, ഭക്ഷ്യ പൊതുവിതരണം**
**ഉപഭോക്തൃകാര്യ വിഭാഗം, ഭാരത സർക്കാർ,**
**കൃഷി ഭവൻ, ന്യൂഡൽഹി – 110 001.**
**വെബ്സൈറ്റ് : www.fcamin.nic.in**

**നിയമാനുസൃതമല്ലാത്ത ഏതെങ്കിലും ഫ്യൂച്ചേഴ്സ് മാർക്കറ്റ് പ്രവർത്തനങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടാൽ, ദയവായി അറിയിക്കൂ:**
ഫോർവേഡ് മാർക്കറ്റ് കമ്മീഷൻ, എവറസ്റ്റ്, മൂന്നാംനില, 100, മറൈൻഡ്രൈവ്, മുംബൈ 400 002,
ഫോൺ : 022–227 953 00, ഫാക്സ് : 022–2281 2086, ഇ–മെയിൽ : contact.fmc@nic.in

JAGO GRAHAK JAGO

# കമോഡിറ്റി എക്സ്ചേഞ്ചുകൾ മുഖേന ട്രേഡ് ചെയ്യൂ. തട്ടിപ്പിനെക്കുറിച്ച് ഭയപ്പെടാതെ.

## നിങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധവാനാകൂ...

- ട്രേഡിംഗിനെ സംബന്ധിക്കുന്ന വ്യവസ്ഥാരേഖകൾ നിർബന്ധമായും വാങ്ങുക.
- പരാതികൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി എക്സ് ചേഞ്ചിനേയോ ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷനേയോ (എഫ് എം സി) സമീപിക്കുക.
- താങ്കളുടെ അക്കൗണ്ടിലൂടെയുള്ള ട്രേഡിംഗ്, താങ്കളുടെ കൃത്യമായ നിർദ്ദേശാനുസരണം മാത്രമേ നടക്കുന്നുള്ളൂ എന്നും അകാരണമായി വച്ചുതാമസിപ്പിക്കുന്നില്ല എന്നും ഉറപ്പുവരുത്തുക.
- ആനുകാലികമായ വരവുചെലവ് കണക്കുകൾ നിർബന്ധ മാക്കുക.
- പണമിടപാടുകൾ ചെക്ക് മുഖേന മാത്രം നടത്തുക.



**സുരക്ഷിതമായി ട്രേഡ് ചെയ്യൂ;**
**നിങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധവാനാകൂ.**
**കമോഡിറ്റി എക്സ്സേഞ്ചുകൾ മുഖേന മാത്രം ട്രേഡ് ചെയ്യൂ**


പൊതുജന താൽപര്യപ്രകാരം പ്രസിദ്ധപ്പെടുത്തുന്നത് :

Forward Markets Commission

ഉപഭോക്തൃകാര്യ മന്ത്രാലയം, ഭക്ഷ്യ പൊതുവിതരണം
ഉപഭോക്തൃകാര്യ വിഭാഗം, ഭാരത സർക്കാർ,
കൃഷി ഭവൻ, ന്യൂഡൽഹി – 110 001.
വെബ്സൈറ്റ് : www.fcamin.nic.in

നിയമാനുസൃതമല്ലാത്ത ഏതെങ്കിലും ഫ്യൂച്ചേഴ്സ് മാർക്കറ്റ് പ്രവർത്തനങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടാൽ, ദയവായി അറിയിക്കൂ:
ഫോർവേഡ് മാർക്കറ്റ് കമ്മീഷൻ, എവറസ്റ്റ്, മൂന്നാംനില, 100, മറൈൻഡ്രൈവ്, മുംബൈ 400 002,
ഫോൺ : 022–227 953 00, ഫാക്സ് : 022–2281 2086, ഇ–മെയിൽ : contact.fmc@nic.in

# നിക്ഷേപത്തെ സംബന്ധിച്ച് ഞാൻ സ്വയം തീരുമാനങ്ങളെടുക്കുന്നു.



- **വ്യാപാരസാധനങ്ങളെപ്പറ്റി ഞാൻ സ്വയം ഗവേഷണം നടത്തുകയും നിക്ഷേപത്തിന് സ്വയം തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നു.**

➡ കൂടാതെ, വിതരണത്തെയും ആവശ്യത്തെയും സംബന്ധിക്കുന്ന അടിസ്ഥാനതത്വങ്ങൾ, പലിശനിരക്ക്, എക്സ്ചേഞ്ച് വില, ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിലുള്ള സർക്കാർ നയം, വില വ്യതിയാനത്തിലെ ഘടകങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ട്രേഡിംഗ് തീരുമാനങ്ങളെടുക്കുന്നതിനു മുൻപ് ഞാൻ ശേഖരിക്കുന്നു.

- **ഞാൻ ഒരിക്കലും സുനിശ്ചിതമായ ആദായത്തെപ്പറ്റിയുള്ള മോഹന വാഗ്ദാനങ്ങളിൽ പ്രലോഭിതനാവുകയില്ല.**

➡ കമോഡിറ്റി ഫ്യൂച്ചേഴ്സ് മാർക്കറ്റിൽ ആദായത്തെ സംബന്ധിച്ച് ഒരിക്കലും ഉറപ്പുതരാൻ കഴിയില്ല.

- **എനിക്ക് പോർട്ട്ഫോളിയോ മാനേജ്മെന്റ് സർവ്വീസസ് (പി.എം.എസ്.) പ്രയോജനപ്പെടുകയില്ല.**

➡ ഉൽപ്പന്നങ്ങളിലെ പിഎംഎസ് സേവനങ്ങൾ, കമോഡിറ്റി ഫ്യൂച്ചേഴ്സ് മാർക്കറ്റിനെ നിയന്ത്രിക്കുന്ന ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ (എഫ്എംസി) അനുവദിക്കുന്നില്ല. മാത്രമല്ല, ആയത് നിയമവിരുദ്ധവുമാണ്.

- **ഇത് എന്റെ പണമാണ്; ഇത് ഞാൻ സ്വയം കൈകാര്യം ചെയ്യും.**

➡ എനിക്ക് വ്യക്തമായ ധാരണയില്ലാത്ത ഉൽപ്പന്നങ്ങളിൽ ഞാൻ നിക്ഷേപം നടത്തുകയേ ഇല്ല. ഉൽപ്പന്നങ്ങളിൽ നിക്ഷേപിക്കുന്നത്, കടപ്പത്രങ്ങളിലോ മറ്റ് സാമഗ്രികളിലോ നിക്ഷേപിക്കുന്നതിൽ നിന്നും തികച്ചും വ്യത്യസ്ഥമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അടിസ്ഥാന ഘടകങ്ങളെപ്പറ്റിയുള്ള വ്യക്തമായ ധാരണയില്ലാതെ അധ്വാനിച്ചുണ്ടാക്കിയ പണം ഞാൻ മുടക്കുകയില്ല.

## കമോഡിറ്റി ഫ്യൂച്ചേഴ്സിൽ ട്രേഡിംഗ് നടത്തുമ്പോൾ പ്രലോഭനങ്ങൾക്കും അടിസ്ഥാനരഹിതമായ നിർദ്ദേശങ്ങൾക്കും ഇരയാകാതിരിക്കുക

പൊതുജന താൽപര്യപ്രകാരം പ്രസിദ്ധപ്പെടുത്തുന്നത് :

Forward Markets Commission

**ഉപഭോക്തൃകാര്യ മന്ത്രാലയം, ഭക്ഷ്യ പൊതുവിതരണം**
**ഉപഭോക്തൃകാര്യ വിഭാഗം, ഭാരത സർക്കാർ,**
**കൃഷി ഭവൻ, ന്യൂഡൽഹി – 110 001.**
**വെബ്സൈറ്റ് : www.fcamin.nic.in**

നിയമാനുസൃതമല്ലാത്ത ഏതെങ്കിലും ഫ്യൂച്ചേഴ്സ് മാർക്കറ്റ് പ്രവർത്തനങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടാൽ, ദയവായി അറിയിക്കൂ:
ഫോർവേഡ് മാർക്കറ്റ് കമ്മീഷൻ, എവറസ്റ്റ്, മൂന്നാംനില, 100, മറൈൻഡ്രൈവ്, മുംബൈ 400 002,
ഫോൺ : 022-227 953 00, ഫാക്സ് : 022-2281 2086, ഇ-മെയിൽ : contact.fmc@nic.in



JAGO GRAHAK JAGO

# “ഞാൻ ഒരു ആദർശവാനായ ഫ്യൂച്ചേഴ്സ് മാർക്കറ്റ് ട്രേഡറാണ് ”

- **ഞാൻ അംഗീകൃത കമോഡിറ്റി ഫ്യൂച്ചേഴ്സ് എക്സ്ചേഞ്ച് വഴി മാത്രമേ ട്രേഡ് ചെയ്യുകയുള്ളൂ.**

➡ എക്സ്ചേഞ്ചിന് പുറത്തുള്ള ട്രേഡിംഗ് നിയമവിരുദ്ധമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

- **ഫോർവേഡ് മാർക്കറ്റ് കമ്മീഷനിൽ (എഫ്എംസി) രജിസ്റ്റർ ചെയ്തിട്ടുള്ള ഏജന്റു വഴിയോ ദല്ലാൾ വഴിയോ ഞാൻ ട്രേഡ് ചെയ്യുന്നു. അത്തരം ഏജന്റുമാരുടെ വിവരങ്ങൾ എക്സേഞ്ച് വെബ്സൈറ്റിൽ ലഭ്യമാണ്.**

➡ ഞാൻ എന്റെ ഏജന്റിന്റെ യോഗ്യതാ പത്രം പരിശോധിക്കുന്നു.

- **ട്രേഡിംഗിനു മുൻപ് സുനിശ്ചിതമായ ആദായത്തെപ്പറ്റിയുള്ള മോഹന വാഗ്ദാനങ്ങളിൽ ഞാൻ ഒരിക്കലും പ്രലോഭിതനാവുകയില്ല.**

➡ ട്രേഡിംഗിനു മുൻപ് വ്യാപാരസാധനങ്ങളെപ്പറ്റി ഞാൻ സ്വയം ഗവേഷണം നടത്തുന്നു.
വ്യവസ്ഥാ സവിശേഷതകളെപ്പറ്റിയും, വിതരണം, പണത്തിന്റെ തീർപ്പ് വ്യവസ്ഥകൾ എന്നിവയെക്കുറിച്ചും ട്രേഡിംഗിനു മുൻപ് ഞാൻ പഠിക്കുന്നു.

- **എല്ലാ മാർക്കറ്റ് ഇടപാടുകളെക്കുറിച്ചുമുള്ള രേഖകൾ ഞാൻ സൂക്ഷിക്കുന്നു.**

➡ വ്യവസ്ഥാ രേഖകൾ, രസീതുകൾ, അക്കൗണ്ട് വിവരങ്ങൾ എന്നിവ എന്റെ ഏജന്റിൽ നിന്നും നിർബന്ധമായും വാങ്ങുന്നു. എക്സ്ചേഞ്ച് വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവ വിശകലനം ചെയ്യുന്നു.

- **ഞാൻ എന്റെ അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേന മാത്രം പണം നൽകുന്നു.**

➡ ഞാൻ ചെക്ക് മുഖേന ഏജന്റിന് അയാളുടെ പേരിൽ പണം (മാർജിൻ ഉൾപ്പെടെ) നൽകുന്നു. രസീതുകൾ നിർബന്ധമായും വാങ്ങുന്നു. കൂടാതെ ഞാൻ 48 മണിക്കൂറിനുള്ളിൽ എക്സ്ചേഞ്ചിൽ നിന്നും പണം സ്വീകരിക്കാൻ അർഹതപ്പെടുന്നു എന്ന് വ്യക്തമായി മനസ്സിലാക്കുന്നു.

- **ഞാൻ എന്റെ നിക്ഷേപത്തിനും നഷ്ടം സഹിക്കാനുള്ള കഴിവനുസരിച്ചും ട്രേഡ് ചെയ്യുന്നു.**

➡ എനിക്ക്, എന്റെ നഷ്ടം സഹിക്കാനുള്ള കഴിവിനെക്കുറിച്ച് ബോധ്യവും അധികം ട്രേഡ് ചെയ്ത് കൂടുതൽ ലാഭമുണ്ടാക്കാൻവേണ്ടി പ്രലോഭിപ്പിക്കപ്പെടുന്നത് ഒഴിവാക്കുകയും ചെയ്യുന്നു.

## കമോഡിറ്റി ഫ്യൂച്ചേഴ്സ് ട്രേഡിംഗിലെ നിയമാവലികളും നഷ്ടസാധ്യതകളും മനസ്സിലാക്കുകയും എക്സ്ചേഞ്ച് മുഖേന ട്രേഡിംഗ് നടത്തുകയും ചെയ്യുക

**പൊതുജന താൽപര്യപ്രകാരം പ്രസിദ്ധപ്പെടുത്തുന്നത് :**

Forward Markets Commission

सत्यमेव जयते

**ഉപഭോക്തൃകാര്യ മന്ത്രാലയം, ഭക്ഷ്യ പൊതുവിതരണം**
**ഉപഭോക്തൃകാര്യ വിഭാഗം, ഭാരത സർക്കാർ,**
**കൃഷി ഭവൻ, ന്യൂഡൽഹി – 110 001.**
**വെബ്സൈറ്റ് : www.fcamin.nic.in**

**നിയമാനുസൃതമല്ലാത്ത ഏതെങ്കിലും ഫ്യൂച്ചേഴ്സ് മാർക്കറ്റ് പ്രവർത്തനങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടാൽ, ദയവായി അറിയിക്കുക:**
ഫോർവേഡ് മാർക്കറ്റ് കമ്മീഷൻ, എവറസ്റ്റ്, മൂന്നാംനില, 100, മറൈൻഡ്രൈവ്, മുംബൈ 400 002,
ഫോൺ : 022–227 953 00, ഫാക്സ് : 022–2281 2086, ഇ–മെയിൽ : contact.fmc@nic.in